പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3972 | 25/06/2014-ൽ മറുപടിയ്ക്ക്

<u>മരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഏകോപിക്കുവാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ് ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഏകോപിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (എ) മരുന്നുകളുടെ വില നിയന്ത്രണം നടപ്പിലാക്കുന്നതിനുള്ള അധികാരം, കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ്. മരുന്നുകളുടെ ലഭ്യതയും വില നിയന്ത്രണവും ഏകോപിപ്പിക്കുവാൻ സംസ്ഥാന സർക്കാരിനു കീഴിൽ സംവിധാനങ്ങൾ നിലവിൽ ലഭ്യമല്ല. |
| (ബി) മരുന്നുകളുടെ വില നിയന്ത്രണത്തിന് പുതിയ നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) 2012 ഡിസംബർ 7 ന് നിലവിൽ വന്ന നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി ആസ്പദമാക്കി, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013), 2013 മെയ് 13 ന് നിലവിൽ വരുകയും, നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻ, 2011 ന് കീഴിലുള്ള 348 മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില നിയന്ത്രണം നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (സി) ജീവൻ രക്ഷാ മരുന്നുകൾ പാവപ്പെട്ട രോഗികൾക്ക് മിതമായ വിലയ്ക്ക് നൽകുന്നതിന് ന്യായവില ഷോപ്പുകൾ എല്ലാ താലൂക്കാശുപത്രികളിലും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; ഈ വർഷം ഏതെല്ലാം ആശുപത്രികളിൽ ന്യായവില ഷോപ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ? | (സി) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ, ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ